**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6226** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്രകൃതിക്ഷോഭത്തിലൂടെ പൊതുമരാമത്ത് വകുപ്പിനുണ്ടായ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതിക്ഷോഭങ്ങളിലുമായി പൊതുമരാമത്ത് വകുപ്പിനുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശവും എത്ര കോടിയുടെ നഷ്ടം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിതീവ്ര മഴയും ചുഴലികൊടുങ്കാറ്റുകളും കൂടാതെ ടൗട്ടെ, യാസ് ചുഴലിക്കാറ്റ്, ഒക്ടോബറിലുണ്ടായ അതിവർഷം എന്നിവ മൂലവും നിരത്തു വിഭാഗത്തിന് 210.73 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. നിരത്ത്, പാലം വിഭാഗങ്ങൾക്കു കീഴിലുള്ള നാശനഷ്ടങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. കെട്ടിട വിഭാഗത്തിനു കീഴിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ, മഞ്ചേരി മെഡിക്കൽ കോളേജ് സെക്ഷനു കീഴിൽ 10 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ പൈനാവിൽ 2021-ലെ ശക്തമായ കാറ്റിലും മഴയിലും ഉരുൾപൊട്ടലിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലുമായി 31 ലക്ഷം രൂപയുടെ നാശ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തിലുണ്ടായ ശക്തമായ മഴയിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ വരുന്ന റോഡുകളിൽ 14.60 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. എൻ.എച്ച് 183-ൽ 12.25 കോടി രൂപയുടെയും, എൻ.എച്ച് 183 A യിൽ 1.119 കോടി രൂപയുടെയും, എൻ.എച്ച് 185-ൽ 3 ലക്ഷം രൂപയുടെയും, എൻ.എച്ച് 766-ൽ 0.45 കോടി രൂപയുടെയും, എൻ.എച്ച് 966-ൽ 0.75 കോടി രൂപയുടെയും നാശനഷ്ടങ്ങൽ ഉണ്ടായിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയ റോഡുകളിലുണ്ടായ നാശനഷ്ടത്തിന്റെ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ പ്ലാച്ചേരി-പൊൻകുന്നം, താവളം - മുള്ളി, മല്ലപ്പള്ളി - കോമളം റോഡുകളിൽ ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ് |

| | | | |
|---|---|---|---|
| | | | പ്രകൃതിക്ഷോഭങ്ങളിലുമായി രണ്ട് കോടിയിലധികം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ കാലാകാലങ്ങളിൽ നടത്തേണ്ട പരിപാലന പ്രവൃത്തികൾ Emergency Maintenance Protocol അനുസരിച്ച് പദ്ധതി കൺസഷണർമാർ മുഖാന്തിരം നടന്നു വരുന്നു. |
| (ബി) | ഇത്തരം പ്രകൃതിക്ഷോഭത്തിലൂടെ തകർന്ന റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നിരത്തു വിഭാഗത്തിനു കീഴിൽ ഗതാഗതം മുടങ്ങിയ റോഡുകളിൽ ഗതാഗത തടസ്സം നീക്കി പുനസ്ഥാപിക്കുന്നതിന് യുദ്ധകാലാടി സ്ഥാനത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും റോഡുകളിലെ തടസ്സങ്ങൾ നീക്കി താൽക്കാലികമായി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുമുണ്ട്. പാലം വിഭാഗത്തിനു കീഴിൽ പുനർ നിർമ്മിക്കേണ്ട പാലങ്ങൾ ഒന്നര വർഷത്തിനകവും ചെറിയ കേടുപാടുകൾ സംഭവിച്ച പാലങ്ങൾ അറ്റകുറ്റപ്പികൾ നടത്തി മൂന്നു മാസത്തിനകവും ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിരത്തു പരിപാലന വിഭാഗത്തിനു കീഴിൽ എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകുകയും എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സംസ്ഥാനത്താകെ ഒരു സ്ഥിരം സംവിധാനം എന്ന നിലയ്ക്ക് ഓരോ പൊതുമരാമത്ത് റോഡ് സെക്ഷൻ തലത്തിലും റണ്ണിംഗ് കോൺട്രാക്റ്റ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സെക്ഷനിലും രണ്ട് റണ്ണിംഗ് കോൺട്രാക്റ്റ് എന്ന വിധത്തിൽ 177 സെക്ഷനുകളിലും ഒരു വർഷത്തേയ്ക്കുള്ള മെയിന്റനൻസ് റണ്ണിംഗ് കോൺട്രാക്റ്റ് നടപ്പിലാക്കുന്ന നടപടികൾ ത്വരിതഗതിയിലാണ്. ദേശീയപാത വിഭാഗത്തിനു കീഴിലുള്ള റോഡുകളിൽ ഉണ്ടായ തടസ്സങ്ങൾ അടിയന്തരമായി നീക്കം ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തകർന്ന റോഡുകൾ പുനരുദ്ധരിക്കുന്നതിന് 14.60 കോടി രൂപ എഫ്.ഡി.ആർ 2021-22 ൻ കീഴിൽ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കെ.ആർ.എഫ്.ബി വിഭാഗത്തിന്റെ അധീനതയിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കോറിഡോർ-04-ൽ ഉൾപ്പെടുന്ന ഭാഗമാണ് ശംഖുമുഖം - വിമാനത്താവളം റോഡ്. കടൽക്ഷോഭത്തിൽ തകർന്ന ടി റോഡിന്റെ |

| | | | |
|---|---|---|---|
| | | | സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ച് കഴിഞ്ഞു. സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം നഗര പാത വികസന പദ്ധതിയുടെ കൺസഷണർ ആയ തിരുവനന്തപുരം ഡെവലപ്പ്മെന്റ് കമ്പനി ലിമിറ്റഡ്, പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

1: 6
നിയമ വിഭാഗം

അനുബന്ധം

| നമ്പർ | ജില്ല | നാശനഷ്ടം (ലക്ഷം രൂപയിൽ) 2021 മെയ് മാസത്തിലുണ്ടായ യാസ്, ടൗട്ടേ ചുഴലിക്കൊടുങ്കാറ്റ് | 2021 ഒക്ടോബറിലെ ശക്തമായ മഴ |
|---|---|---|---|
| 1 | തിരുവനന്തപുരം | 651.2 | 314 |
| 2 | കൊല്ലം | 745 | 35 |
| 3 | ആലപ്പുഴ | 161.12 | 510 |
| 4 | പത്തനംതിട്ട | 25 | 535 |
| 5 | കോട്ടയം | 365.12 | 3183.90 |
| 6 | ഇടുക്കി | 671 | 7700 |
| 7 | മൂവാറ്റുപുഴ | 0 | 290 |
| 8 | എറണാകുളം | 48 | ഇല്ല |
| 9 | തൃശ്ശൂർ | 40 | 75 |
| 10 | പാലക്കാട് | 162 | 1581.90 |
| 11 | മലപ്പുറം | 770 | 643 |
| 12 | കോഴിക്കോട് | 500 | 681.70 |
| 13 | വയനാട് | 447 | 100 |
| 14 | കണ്ണൂർ | 0 | ഇല്ല |
| 15 | കാസർഗോഡ് | 638 | 200 |
| | ആകെ | 5223.44 | 15849.5 |

21072.94

പാലം വിഭാഗം

| ക്രമ. നം. | നാശനഷ്ടങ്ങളുടെ വിശദാംശം | തുക ലക്ഷത്തിൽ |
|---|---|---|
| | **മലപ്പുറം ജില്ല** | |
| 1. | ചെള്ളിത്തോട് പാലം - പാലത്തിന്റെ അപ്രോച്ച് റോഡിനും സംരക്ഷണ ഭിത്തിക്കും കേടുപാട് സംഭവിച്ചിട്ടുണ്ട്. | 25.00 |
| 2. | വടപുറം പാലം - പുഴയുടെ സംരക്ഷണ ഭിത്തിക്ക് കേടുപാട് സംഭവിച്ചിട്ടുണ്ട്. | 25.00 |
| | **പാലക്കാട് ജില്ല** | |
| 3. | സത്രംകാവ് - നിലംപതി പാലം - അബട്ട്മെന്റിന്റെ കോൺക്രീറ്റ് വാളും, അപ്രോച്ച് റോഡും ഭാഗികമായി തകർന്നു. | 25.00 |
| 4. | വണ്ടാഴിപാലം - അപ്രോച്ച് റോഡിന്റെ ഉപരിതലത്തിന് കേടുപാട് സംഭവിച്ചു. | 7.00 |
| 5. | ചങ്ങലിരി - നിലംപതി പാലം - അപ്രോച്ച് റോഡിന്റെ ഉപരിതലത്തിന് കേടുപാട് സംഭവിച്ചു. | 15.00 |
| 6. | പൂതംപാറ - ചൂരണി റോഡ് സംരക്ഷണ ഭിത്തി തകർന്നിട്ടുണ്ട്. | 3.00 |
| | **കോട്ടയം ജില്ല** | |
| 7. | 26-ാം മൈൽ പാലം കൈവരികൾക്ക് കേടുപാടുണ്ടായി | 19.60 (അറ്റകുറ്റപ്പണികൾ) 273.00 (പുനർ നിർമ്മാണം) |
| 8. | മൂന്നിലാവ് 20ം പാലം- നടുവിലെ തൂൺ ചരിയുകയും കേടുപാടുകൾ സംഭവിക്കുകയും ഉണ്ടായി | 140 |
| 9. | ഇളംകോട് - വാഗമൺ - വല്യന്ത റോഡിലെ കലുങ്ക് - അപ്രോച്ച് റോഡിന് പൂർണ്ണമായും കേടുപാടുണ്ടായി | 68 |
| 10. | കടവനാൽ കടവ് പാലം - രണ്ടു സ്പാനുകളും തെന്നിമാറിയിട്ടുണ്ട്. | 100 |
| 11. | മുണ്ടക്കയം കോസ് വേ - കൈവരികൾക്ക് കേടുപാടുണ്ടായി | 9.4 |
| 12. | ഊരൺകാൽകടവ് കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിക്കുകയും പാരപ്പറ്റിനു സമീപത്തെ റോഡിനു ഭാഗികമായി കേടുപാടുകൾ | 15 (അറ്റകുറ്റപ്പണികൾ) 2.7 (അവശിഷ്ടങ്ങൾ നീക്കം ചെയ്യാൻ |

| | | |
|---|---|---|
| 13. | മുക്കൽപെട്ടി - കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 3 |
| 14. | പഴയിടം കേസ് വേ - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 9 |
| 15. | ചിറ്റാർ പാലം - കൈവരികൾക്ക് കേടുപാടുകൾ സംഭവിച്ചു. | 4 |
| 16. | മണ്ണാർക്കായം പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | |
| 17. | ചിറ്റാനിക്കര - കോസ് വേ - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | 5 |
| 18. | കാവുംകടവ് പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | |
| 19. | കുളത്തൂർമൂഴി പാലം - അവശിഷ്ടങ്ങൾ അടിഞ്ഞുകൂടി കിടക്കുന്നു. | 3.2 |
| | **ഇടുക്കി** | |
| 23. | ഇളാട് പാലം - കൈവരികൾക്ക് കേടുപാടുകൾ ഉണ്ടായി | 3 |
| 24. | 35-ാം മൈലിലെ പല്ലൂർക്കാവ് പാലം - വെന്റ്വേ മണ്ണു നിറഞ്ഞും, കൈവരികൾ പൂർണ്ണമായും കേടുപാടുകൾ സംഭവിച്ചു കാണുന്നു. | 22.7 |
| | **പത്തനംതിട്ട** | |
| 25. | കോമളംപാലം - സമീപത്തെ റോഡ് പൂർണ്ണമായും ഒഴുകിപ്പോയി - വാഹനയാത്രയും കാൽനടയാത്രയും ഒഴിവാക്കി | 1100 (പുനർ നിർമ്മാണം) |
| | ആകെ | 1877.60 |